നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

ന്യൂസ്‌ലെറ്റർ

2024 സെപ്റ്റംബർ വാല്യം 1

ഓൺലൈൻ വായനയ്ക്ക്

39

മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ
ശുചിത്വ കേരളം സുസ്ഥിര കേരളം

എഡിറ്റോറിയൽ

## പ്രകൃതിയുടെ സമൃദ്ധിയിലാകട്ടെ ഓണപ്പെരുമ



സംസ്കാരം ഒരു ജനതയുടെ സമഗ്ര ജീവിത രീതിയുടെ പ്രതിഫലനവും പാരമ്പര്യവുമാണ്. കേരളത്തിന്റെ ജനകീയ പാരമ്പര്യത്തിൽ ശ്രദ്ധേയമായ ഇടമാണ് ഓണത്തിനുള്ളത്. ഒരു ദാസ്യത്തിന്റെയോ കീഴ്പ്പെടുത്തലിന്റെയോ കഥയായി ഓണത്തെ ചുരുക്കി എഴുതാനാവില്ല. ജയിച്ചവരെ മാത്രം ആഘോഷിക്കുന്ന ലോക രീതിക്ക് പകരം തോറ്റവരെ ആഘോഷിക്കുന്ന ഉത്സവം എന്ന പ്രത്യേകത കൂടിയുണ്ട് ഓണത്തിന്.

അനാദിയായ കാലപ്രവാഹത്തിലും കെടാതെ നിൽക്കുകയാണ് ഓണത്തിന്റെ സത്വവും സന്ദേശവും. കേരളീയ ജനതയുടെ സാമൂഹിക - സാംസ്കാരിക പാരമ്പര്യത്തിന്റെ പ്രതിഫലനം എന്ന നിലയിൽ ഓണത്തിന്റെ പെരുമ കാലദേശ സീമകൾക്കതീതമാണ്. മലയാളികൾ ഉള്ളിടത്തെല്ലാം സ്നേഹ സൗരഭമായ് നിറയുകയാണ് ഓണം.

സമത്വം, ഒരുമ, സമഭാവന തുടങ്ങിയ ആശയങ്ങളുടെ സാക്ഷാത്കാരം എന്നതിലുപരി പ്രകൃതിയുടെ സമൃദ്ധിയിലാണ് ഓണസങ്കൽപ്പം യാഥാർത്ഥ്യമാകുന്നത്. ശുദ്ധജലം, കാർഷിക സമൃദ്ധി, വിഷരഹിത കാർഷികോത്പന്നങ്ങൾ, വൃത്തിയുള്ള വീട്, മാലിന്യ രഹിതമായ നാട് തുടങ്ങിയവയുടെ സാക്ഷാത്കാരമാണ് ഓണത്തിന്റെ പാരിസ്ഥിതിക ദർശനം.

ഈ സ്വപ്നസാക്ഷാത്കാരത്തിനായി സമസ്ത ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുള്ള തീവ്രശ്രമത്തിന് സംസ്ഥാന സർക്കാർ തുടക്കം കുറിക്കുകയാണ്. ശുചിത്വകേരളം സുസ്ഥിരകേരളം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന് 2024 ഒക്ടോബർ 2 ന് സംസ്ഥാനമൊട്ടാകെ തുടക്കമാകും. മുൻനിരയിൽ നിന്ന് പ്രവർത്തിക്കാൻ ഹരിതകേരളം മിഷൻ ഉണ്ട്. ഇതിനായുള്ള ആസൂത്രണം-മുന്നൊരുക്ക പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. എല്ലാ മലയാളികളും ഈ ജനകീയ യജ്ഞത്തിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കേരളീയ പാരമ്പര്യവും സംസ്കൃതിയും മാത്രമല്ല. പ്രകൃതിയുടെ ശുദ്ധാവസ്ഥ പുനസ്സൃഷ്ടിക്കാനുള്ള അവസരവും ഓണം നമ്മെ ഓർമ്മിപ്പിക്കുന്നു. ദുരന്തമുഖങ്ങളെ അതിജീവിക്കാനുള്ള കരുത്താർജ്ജിക്കാനും ദുരന്തങ്ങൾക്ക് വഴിയൊരുക്കാതെ സുഷ്ഠിപരമായ പ്രകൃതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാനും ഒരുമയോടെ നമുക്ക് കൈകോർക്കാം.

ഹൃദയംഗമമായ ഓണാശംസകൾ

ഡോ. ടി.എൻ. സീമ

സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ



# മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

## ഒക്ടോബർ 2 ന് തുടക്കം

ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ അടുത്ത മാസം മുതൽ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആസൂത്രണ-മുന്നൊരുക്ക പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർവതല സ്പർശിയായി പരമാവധി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രായോഗിക പ്രവർത്തനങ്ങൾ നടത്തണമെന്ന് കഴിഞ്ഞ മാസം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന വകുപ്പ് മേധാവികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും യോഗങ്ങളിൽ തീരുമാനിച്ചിരുന്നു. 2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിലാരംഭിച്ച് 2025 മാർച്ച് 30-ലെ അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനത്തിൽ സമ്പൂർണ്ണ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം നേടാൻ കഴിയുംവിധമാണ് ക്യാമ്പയിൻ.

ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ വിവിധ ഘടകങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാനതലം മുതൽ ജില്ലാ-തദ്ദേശ സ്വയംഭരണ സ്ഥാപന-വാർഡ് തലം വരെയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും അവരവരുടേതായ പങ്ക് നിറവേറ്റും വിധത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവ അവയുടെ ചുമതല നിർവഹിക്കും വിധത്തിലുമാണ് ക്യാമ്പയിൻ നടപ്പാക്കുന്നത്. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് തുടങ്ങിയവയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പ്രവർത്തന രൂപരേഖ അടിസ്ഥാനമാക്കിയാണ് ഏകോപനം. ക്യാമ്പയിൻ നടത്തിപ്പിനായി സംസ്ഥാനതലത്തിലുള്ളതിനു പുറമേ ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നിർവഹണ സമിതി രൂപീകരിച്ചു. ആറുമാസം കൊണ്ട് വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന ക്യാമ്പയിന്റെ വിജയത്തിനായി വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗങ്ങളും പരിശീലന പരിപാടികളും ആരംഭിച്ചു.



# പുലമൺ തോട് വീണ്ടെടുക്കും : മന്ത്രി കെ.എൻ. ബാലഗോപാൽ




കൊല്ലം കൊട്ടാരക്കര നിയോജകമണ്ഡലം സമഗ്ര വികസനത്തിന്റെ ഭാഗമായി കൊട്ടാരക്കര നഗരസഭ പ്രദേശത്തുകൂടി കടന്നുപോകുന്ന പുലമൺ തോടിന്റെ വീണ്ടെടുക്കൽ പ്രവർത്തനം ഒക്ടോബർ 2 ന് ആരംഭിക്കും. മന്ത്രി കെ.എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ കൊട്ടാരക്കര നഗരസഭയിൽ നഗരസഭ ചെയർമാൻ എസ്.ആർ രമേശിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ക്യാമ്പയിന് അന്തിമ രൂപം നൽകി.

നഗരസഭ പ്രദേശത്തുകൂടി ഒഴുകുന്ന പുലമൺ തോടിന്റെ മലിനീകരണത്തിന്റെ സ്രോതസ്സ് കണ്ടെത്തുന്നതിനായി ഹരിതകേരളം മിഷൻ സെന്റ് ഗ്രിഗോറിയസ് കോളേജിലെ എൻ.എസ്.എസ് വോളണ്ടിയർമാരുടെ സഹായത്തോടെ ഒ.ഡി.കെ. കളക്ട് മൊബൈൽ ആപ്ലിക്കേഷനിലൂടെ മാപിംങ് പൂർത്തീകരിച്ചിട്ടുണ്ട്. പുലമൺ തോടിലേക്ക് എത്തിച്ചേരുന്ന ചെറുനീർച്ചാലുകളുടെ മലിനീകരണം ഇറിഗേഷൻ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി മലിനീകരണം തടയുന്നതിനുള്ള അടിയന്തിര നടപടിയും സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികളുടെ പങ്കാളിത്തവും, എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട് ആൻഡ് ഗൈഡ്സ് വോളണ്ടിയർമാരുടെ സേവനവും ക്യാമ്പയിനായി പ്രയോജനപ്പെടുത്തും.

നഗരസഭ ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊട്ടാരക്കര നഗരസഭ, മൈലം, കുളക്കട ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഭൂവിനിയോഗ കമ്മീഷണർ യാസിൻ.എൽ.റഷീദ്, ഭൂവിനിയോഗ ബോർഡിലെ മറ്റു ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി കൊല്ലം ജില്ലാകോർഡിനേറ്റർ എസ്. ഐസക്, ഭൂജലവകുപ്പ്, ഇറിഗേഷൻ, കില, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ശുചിത്വമിഷൻ പ്രതിനിധികൾ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ എന്നിവർ പങ്കെടുത്തു.

# ജലഗുണനിലവാര പരിശോധന ലാബ് കോട്ടയം ജില്ലാതല ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു



ജലജന്യരോഗങ്ങളുമായി ബന്ധപ്പെട്ട പ്രതിരോധം തീർക്കാൻ സ്കൂളുകളിലെ ജലഗുണനിലവാര പരിശോധന ലാബുകൾക്കു സാധിക്കുമെന്ന് മന്ത്രി വി.എൻ. വാസവൻ. ഹരിതകേരളം മിഷൻ കേരള പുനർനിർമാണ പദ്ധതിയുടെ സഹായത്തോടെ കോട്ടയം ജില്ലയിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്ന ജലഗുണനിലവാര പരിശോധന ലാബിന്റെ ജില്ലാതല ഉദ്ഘാടനം കുമരകം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി. ജില്ലയിലെ സ്കൂളുകളിൽ അധികസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും കുട്ടികൾക്കും അധ്യാപകർക്കും മതിയായ പരിശീലനം നൽകിക്കൊണ്ടുമാണ് പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ഹോസ്പിറ്റലിന് ഹരിതസ്ഥാപനം സർട്ടിഫിക്കറ്റ് വിതരണവും മന്ത്രി ചടങ്ങിൽ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു അധ്യക്ഷയായി. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ.ടി.എൻ. സീമ മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ധന്യ സാബു, ജില്ലാ പഞ്ചായത്തംഗം പി.ആർ. അനുപമ, ബ്ലോക്ക് പഞ്ചായത്തംഗം മേഘല ജോസഫ്, കുമരകം ഗ്രാമപഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷൻ പി.ഐ. എബ്രഹാം, വിദ്യാകിരണം കോർഡിനേറ്റർ പി. പ്രസാദ്, ജി.വി.എച്ച്.എസ്. പ്രിൻസിപ്പൽ പി.എക്സ്. ബിയാട്രീസ് മറിയ, വി.എച്ച്.എസ്.സി. പ്രിൻസിപ്പൽ എം.എസ്. ബിജീഷ്, ഹെഡ്മിസ്ട്രസ് പി.എം. സുനിത, പി.ടി.എ. പ്രസിഡന്റ് വി.എസ്. സുഗേഷ് എന്നിവർ പ്രസംഗിച്ചു. സംസ്ഥാനത്ത് കുടിവെള്ളത്തിനു പ്രധാനമായും കിണറുകളിലെ ജലം പരിശോധിച്ചു ഗുണനിലവാരം നിശ്ചയിക്കാനാണ് ഹരിതകേരളം മിഷൻ ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ ആരംഭിച്ചത്. ജില്ലയിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിലായി 70 ജലഗുണനിലവാര പരിശോധന ലാബുകളാണ് സ്ഥാപിക്കുന്നത്. ആദ്യഘട്ടത്തിൽ 30 ലാബുകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തീകരിച്ചു.



# സർക്കാർ ആശുപത്രികളിൽ ഡിജിറ്റലായി പണമടയ്ക്കാൻ സംവിധാനം വരുന്നു: മന്ത്രി വീണാ ജോർജ്

സർക്കാർ ആശുപത്രികളിൽ വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാനുള്ള സംവിധാനങ്ങളൊരുങ്ങുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പി.ഒ.എസ്. മെഷീൻ വഴിയാണ് ഡിജിറ്റലായി പണം അടയ്ക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നത്. ഇ - ഹെൽത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ള താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള



എല്ലാ സർക്കാർ ആശുപത്രികളിലും ആദ്യ ഘട്ടത്തിൽ നടപ്പിലാക്കും. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, യു.പി.ഐ മുതലായവ വഴി ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ആദ്യഘട്ടമായി ഇ - ഹെൽത്ത് നടപ്പിലാക്കിയ 63 ആശുപത്രികളിലാണ് ഈ സംവിധാനമൊരുക്കുക. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഓൺലൈൻ സംവിധാനത്തിലൂടെ മുൻകൂറായി ഒ.പി. ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 624 ആശുപത്രികളിലാണ് ഇ - ഹെൽത്ത് സജ്ജമാക്കിയിരിക്കുന്നത്. ഇ - ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും ഈ സേവനം ലഭ്യമാക്കി വരുന്നു. മുൻകൂറായി ടോക്കൺ എടുക്കുന്നതിനോടൊപ്പം ആശുപത്രിയിൽ ഒ.പി. ടിക്കറ്റിന് തുക ഈടാക്കുന്നുണ്ടെങ്കിൽ അത് ഓൺലൈനായി തന്നെ അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാകും.

# ലൈഫ് അവസാന ഗഡുവിന് താൽക്കാലിക നമ്പർ മതി: മന്ത്രി എം.ബി. രാജേഷ്



ലൈഫ് ഭവന പദ്ധതി പ്രകാരം നിർമിക്കുന്ന വീടുകൾക്ക് താത്കാലിക നമ്പർ ലഭിച്ചാൽ അവസാന ഗഡു അനുവദിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അറിയിച്ചു. ഇത് സംബന്ധിച്ച് പൊതു നിർദ്ദേശം നൽകും. തിരുവനന്തപുരം തദ്ദേശ അദാലത്തിലാണ് തീരുമാനം. നിരവധി ഗുണഭോക്താക്കൾക്ക് തീരുമാനം ആശ്വാസമാകും. നിലവിൽ വീട്ടുനമ്പർ ലഭിച്ചാലാണ് അവസാന ഗഡു നൽകിയിരുന്നത്. പെർമിറ്റ് പ്രകാരമല്ലാതെ വീട് നിർമ്മിക്കുകയും നിയമലംഘനങ്ങൾ ഉണ്ടാകുകയും ചെയ്താൽ നമ്പർ ലഭിക്കില്ല. ഗുരുതര പ്രശ്നമില്ലാത്ത ചെറിയ വീടുകൾക്ക് പ്രത്യേക പരിഗണന നൽകി, താത്കാലിക നമ്പർ നൽകുന്നതിന് നിലവിൽ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ലൈഫ്-പി.എം.എ.വൈ. ഗുണഭോക്താക്കൾക്ക് നാഷണൽ ഹൈവേ ആക്സസ് പെർമിഷൻ കിട്ടിയില്ല എന്ന പേരിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നിഷേധിക്കരുതെന്ന് മന്ത്രി നിർദ്ദേശിച്ചു.

# വിദ്യാഭ്യാസ ഓഫീസർമാരുടെ ശിൽപ്പശാല മന്ത്രി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു




സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി, നാഷണൽ അച്ചീവ്മെന്റ് സർവ്വേ 2024-വിദ്യാഭ്യാസ ഓഫീസർമാരുടെ സംസ്ഥാനതല ശിൽപ്പശാല മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. സമ്പൂർണ്ണമായ അക്കാദമിക മുന്നേറ്റം ലക്ഷ്യംവച്ചുകൊണ്ട് നേതൃത്വപരമായ ഉത്തരവാദിത്വം നിർവഹിക്കേണ്ട ഉദ്യോഗസ്ഥരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തിരുവനന്തപുരത്ത് ജവഹർ സഹകരണ ഭവനിൽ നടന്ന ശില്പശാലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രധാനവിദ്യാഭ്യാസ ഉദ്യോഗസ്ഥരാണ് പങ്കാളികളായത്. 2024-25 അക്കാദമിക വർഷം വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്ന സുപ്രധാന പദ്ധതികളുടെ ആലോചന യോഗത്തിൽ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് ഐ.എ.എസ്. അധ്യക്ഷയായിരുന്നു. പൊതു വിദ്യാഭ്യാസ ഡയറക്ടർ ജനറൽ എസ്. ഷാനവാസ് ഐ.എ.എസ്. സ്വാഗതം ആശംസിച്ച ചടങ്ങിൽ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., സീമാറ്റ്, സ്കോൾ കേരള ഡയറക്ടർമാർ, വിദ്യാകിരണം അസിസ്റ്റന്റ് കോർഡിനേറ്റർ എന്നിവർ സന്നിഹിതരായിരുന്നു. നാഷണൽ അച്ചീവ്മെന്റ് സർവ്വേയുടെ പദ്ധതി വിശദീകരണം, സംസ്ഥാനത്താകെ കഴിഞ്ഞ അധ്യയന വർഷം മുതൽ നടപ്പിലാക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററുകളുടെ തുടർ പ്രവർത്തനങ്ങൾ, സ്റ്റേറ്റ് അച്ചീവ്മെന്റ് ടെസ്റ്റ് വഴി സംഘടിപ്പിക്കുന്ന മാതൃക പരീക്ഷകൾ തുടങ്ങിയവ ശിൽപശാലയിൽ പ്രധാന വിഷയങ്ങളായി. ആർജിച്ച അറിവ് പ്രശ്ന സന്ദർഭത്തിൽ പ്രയോഗിക്കേണ്ടതിന് കുട്ടിയെ പ്രാപ്തമാക്കുന്ന വിദ്യാഭ്യാസത്തെക്കുറിച്ചും ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ വിവിധ മാനങ്ങളെക്കുറിച്ചും വിദ്യാകിരണം അസിസ്റ്റന്റ് കോർഡിനേറ്റർ സി. രാമകൃഷ്ണൻ സംസാരിച്ചു. ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടുന്നതിന്റെ പ്രാധാന്യം ഡി.ജി.ഇ. വ്യക്തമാക്കി.

# കാരുണ്യ സ്പർശം രാജ്യത്തിനാകെ മാതൃക: മുഖ്യമന്ത്രി പിണറായി വിജയൻ



കാൻസർ ചികിത്സാ ചെലവ് ചുരുക്കുന്നതിൽ രാജ്യത്തിനാകെ മാതൃകയാകുന്ന ഒരു ചുവടുവെയ്പ്പാണ് കാരുണ്യ സ്പർശമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കാൻസർ രോഗബാധിതരായവർക്ക് പൊതുവിപണിയിൽ ലഭിക്കുന്നതിനെ അപേക്ഷിച്ച് പരമാവധി വിലക്കുറവിൽ കാരുണ്യ ഫാർമസികളിൽ നിന്ന് മരുന്നുകൾ ഇതുവഴി ലഭിക്കും. കാൻസർ രോഗികൾക്ക് വളരെ ആശ്വാസകരമാകുന്ന ഒരു ചുവടുവെയ്പ്പാകും ഇതെന്നും മുഖ്യമന്ത്രി പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട കാരുണ്യ ഫാർമസികളിൽ പ്രവർത്തനമാരംഭിക്കുന്ന കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. പദ്ധതിയുടെ ആദ്യ ഘട്ടമായി ഓരോ ജില്ലയിലേയും തെരഞ്ഞടുത്ത 14 കാരുണ്യ ഫാർമസികളിലൂടെ ഉയർന്ന വിലയുള്ള കാൻസർ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കും. നിലവിൽ കേരളത്തിലുടനീളം പ്രവർത്തിക്കുന്ന എല്ലാ കാരുണ്യ ഫാർമസികളിലുമായി 250 ഓളം ബ്രാൻഡഡ് ഓങ്കോളജി മരുന്നുകൾ ലഭ്യമാണ്. ഇവയെല്ലാം തന്നെ ഈ കൗണ്ടറുകളിലൂടെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകും. തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് ആദ്യത്തെ പ്രത്യേക കൗണ്ടർ പ്രവർത്തിക്കുന്നത്.

# ഭൂഗർഭജലം സമ്പന്നമാക്കി നിലനിർത്താനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം : വി. ശശി എം.എൽ.എ.





ലോകമെമ്പാടും അനുദിനം ശുദ്ധജലത്തിന്റെ ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ ഭൂഗർഭജല സംരക്ഷണ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകണമെന്ന് വി. ശശി എം.എൽ.എ.. വിള സംരക്ഷണവും ഭൂഗർഭജല സംരക്ഷണവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'തെങ്ങിനു തടം മണ്ണിനു ജലം' ക്യാമ്പയിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശുദ്ധ ജലസ്രോതസുകൾ സംരക്ഷിക്കണമെന്നും ജല മലിനീകരണം പോലുള്ള പ്രശ്നങ്ങൾ അഭിസംബോധന ചെയ്യും വിധമാണ് അടുത്ത മാസം മുതൽ ആരംഭിക്കുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ നടപ്പാക്കുന്നതെന്നും അദ്ദേഹം കൂട്ടിചേർത്തു. തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ മുടപുരം തെങ്ങുംവിള ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. രജിത അധ്യക്ഷത വഹിച്ചു. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ എ. നിസാമുദ്ദീൻ ഐ.എ.എസ്. ക്യാമ്പയിൻ ലോഗോ പ്രകാശനം ചെയ്തു. ഹരിതകേരളം മിഷൻ കൃഷി ഉപമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എസ്. യു. സഞ്ജീവ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്തംഗം ആർ.സുഭാഷ്, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ, പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണ്മാർ തുടങ്ങിയവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ. ശ്രീകണ്ഠൻ നായർ സ്വാഗതം ആശംസിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി തിരുവനന്തപുരം ജില്ലാ കോർഡിനേറ്റർ സി. അശോക് നന്ദി പ്രകാശിപ്പിച്ചു. ജന പ്രതിനിധികൾ പങ്കെടുത്തു. പ്രദേശവാസികൾ, കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ തുടങ്ങിയവയിൽ നിന്നുള്ള ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, ഹരിത കർമസേന, സന്നദ്ധ സംഘടന പ്രവർത്തകർ തുടങ്ങി നിരവധി പേർ പങ്കെടുത്തു. പ്രദേശത്തെ കർഷകരേയും കർഷക തൊഴിലാളികളേയും ചടങ്ങിൽ ആദരിച്ചു.

# ലൈഫ് പദ്ധതി : മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കും

ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ ധനസഹായത്താൽ ഭൂമി വാങ്ങുമ്പോഴും ബന്ധുക്കൾ ഒഴികെയുള്ളവർ ഭൂമി ദാനമായോ വിലയ്ക്കുവാങ്ങിയോ നൽകുമ്പോഴും 10 സെന്റ് വരെയുള്ള ഭൂമിയുടെ കൈമാറ്റത്തിന് മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. പൊതുതാൽപ്പര്യമുള്ള പദ്ധതികളുടെ ഭാഗമായി ഭൂമി കൈമാറ്റം ചെയ്യേണ്ടി വരുമ്പോൾ ഭൂമിയുടെ രജിസ്ട്രേഷന് ആവശ്യമായി വരുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തി.

# തീര സംരക്ഷണത്തിനായി പുന്നത്തൈകൾ നട്ടു



തിരുവനന്തപുരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായ ത്തിൽ തീര സംരക്ഷണത്തിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2000 പുന്നത്തൈകളു ടെ നടീൽ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോഡിനേറ്റർ ഡോ. ടി.എൻ സീമ പുന്നതൈ നട്ടു കൊണ്ട് നിർവഹിച്ചു. പടിഞ്ഞാറ് അറബി കടലും കിഴക്ക് അഞ്ചുതെങ്ങ് കായലിനും മധ്യേ നേർരേഖ പോലെ ഉള്ള അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കുമാരനാശാന്റെ ജന്മസ്ഥലമായ കായിക്കരയിൽ 15 വർഷം മുന്നേ തീര സംരക്ഷ ണത്തിനായി വച്ചു പിടിപ്പിച്ച കാറ്റാടി മരങ്ങൾ തീരത്തെ സംരക്ഷിച്ചു നിലനിർത്തി പോരുന്നു. തീര സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഹരിതകേരളം മിഷൻ അഞ്ചുതെങ്ങ് പഞ്ചായത്ത് കായിക്കര ആശാൻ സ്മാരകത്തിൽ വച്ചു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. ലൈജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഹരിതസമൃദ്ധിക്കായി പുന്ന തീരം പരിപാടിയ്ക്ക് വൈസ് പ്രസിഡന്റ് ശ്ലിജ ബോസ് സ്വാഗതം പറഞ്ഞു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, തൊഴിലുറപ്പ്, തൊഴിലാളികൾ, ഹരിത കർമസേനാംഗങ്ങൾ, നാട്ടുകാർ തുടങ്ങിയവർ പങ്കെടുത്തു.

# ആർദ്ര കേരളം പുരസ്കാരം 2022-23 പ്രഖ്യാപിച്ചു



ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്ര കേരളം പുരസ്കാരം 2022-23 മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ആരോഗ്യ വകുപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ പദ്ധതി ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ മേഖലയിൽ ചെലവഴിച്ച തുക, സാന്ത്വന പരിചരണ പരിപാടികൾ, കായകൽപ്പ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ചാണ് പുരസ്കാരം നൽകുന്നത്. ഇത് കൂടാതെ പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ, നടപ്പിലാക്കിയ നൂതനമായ ആശയങ്ങൾ, പൊതു സ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം എന്നിവയും പുരസ്കാരത്തിന് വിലയിരുത്തിയ ഘടകങ്ങളാണ്. മികച്ച ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സംസ്ഥാന തലത്തിലും ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാതലത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനം നിശ്ചയിച്ചാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്. എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം ജില്ലാ പഞ്ചായത്ത്, പൊന്നാനി മുനിസിപ്പാലിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ എന്നീ തദ്ദേശ സ്ഥാപനങ്ങളാണ് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയത്.

# ഹരിത സമൃദ്ധി ഗ്രാമമായി ആറന്മുള ഗ്രാമപഞ്ചായത്ത്



പത്തനംതിട്ട ആറന്മുള ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളെയും സമ്പൂർണ്ണ ഹരിത സമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഷീജ ടി. ടോജിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ. എസ്. കുമാർ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, വാർഡ് മെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറി ആർ. രാജേഷ്, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ, കൃഷി ഓഫീസർ ആർ.ചന്ദന ഹരിതകേരളം മിഷൻ ആർ.പി. മാർ എന്നിവർ പങ്കെടുത്തു.

എല്ലാ വാർഡുകളിലും കൃഷിഭവന്റെയും, ബ്ലോക്ക് പഞ്ചായത്തിന്റെയും വിവിധ പദ്ധതികൾ പ്രകാരം പച്ചക്കറി തൈകളും, വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് സംഘകൃഷിക്ക് വേണ്ട സഹായങ്ങളും ചെയ്തു നൽകി.

# മാടക്കത്തറ ഗ്രാമപഞ്ചായത്ത് ഹരിത സമൃദ്ധിയിലേക്ക്




തൃശൂർ മാടക്കത്തറ പഞ്ചായത്തിലെ 16 വാർഡുകളിലെയും മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനു തുടക്കം കുറിച്ചതിനാൽ മുഴുവൻ വാർഡുകളും ഹരിത സമൃദ്ധി വാർഡുകൾ ആയി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് പ്രഖ്യാപനം നടത്തി.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, മാടക്കത്തറ ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ് എന്നിവർ സംയുക്തമായി നടത്തിയ ഇടപെടലുകൾ വിജയം കൈവരിക്കുന്നതിന് സഹായിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര മോഹനൻ അദ്ധ്യക്ഷത വഹിച്ച യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. രവി ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് അംഗം പി.എസ്. വിനയൻ മുഖ്യാതിഥിയായി. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ, സൗരോർജ്ജക്ലാസ്സ്, ഊർജ്ജ സംരക്ഷണം, ഹരിത സമൃദ്ധി പ്രഖ്യാപനം എന്നീ വിഷയങ്ങളിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ദിദിക സി., ജിൻസി ജോസഫ് തുടങ്ങിയവർ അവതരണം നടത്തി.

# കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിന് ഹരിത ക്യാമ്പസ് പദവി



ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ഹരിത ക്യാമ്പസായി പ്രഖ്യാപിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും കൃത്യമായി ഓരോ മാസവും ശേഖരിച്ച് ഹരിത കർമസേനയ്ക്ക് കൈമാറൽ, ജൈവമാലിന്യം കോളേജ് വളപ്പിൽ തന്നെ സംസ്കരിച്ച് കമ്പോസ്റ്റ് ആക്കുക, ഉപയോഗിച്ചു കളയുന്ന പ്ലാസ്റ്റിക് പേനകൾ ശേഖരിക്കാൻ ഓരോ ക്ലാസിലും ബോക്സുകൾ, വൈദ്യുതി ആവശ്യങ്ങൾക്കായി കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ സോളാർ പാനൽ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ക്യാമ്പസിൽ ബോട്ടാണിക് ഗാർഡൻ, ബട്ടർഫ്ലൈ ഗാർഡൻ, ഫ്രൂട്ട് ഗാർഡൻ, ഹെർബൽ ഗാർഡൻ, നക്ഷത്രവനം, ഓർഗാനിക് വെജിറ്റബിൾ ഗാർഡൻ എന്നിവ പരിപാലിക്കുന്നുണ്ട്. കോളേജിലെ എല്ലാ മരങ്ങൾക്കും ബാർകോഡ് നൽകി അതുവഴി ആ മരങ്ങളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും മനസ്സിലാക്കാവുന്ന രീതി ഉൾപ്പെടെ ഹരിത പ്രോട്ടോകോൾ പ്രകാരം ഉള്ള പ്രവർത്തനങ്ങൾ കോളേജിൽ തുടർച്ചയായി നടക്കുന്നതിനെ തുടർന്നാണ് ഹരിത ക്യാമ്പസ് പദവി ലഭിച്ചത്. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. ഐസക് കോളേജിനെ ഹരിത ക്യാമ്പസ് ആയി പ്രഖ്യാപിച്ചു. തുടർന്ന് പ്രശംസാപത്രം കോളേജ് മാനേജർ ഫാ. ഡോ. അഭിലാഷ് ഗ്രിഗറിക്ക് കൈമാറി.




# ഹരിത ടൂറിസ്റ്റ് കേന്ദ്രമാകാൻ ഒരുങ്ങി വേങ്ങൂർ പാണിയേലി പോര്




ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ മാതൃകാ ഹരിത ടൂറിസം കേന്ദ്രമാവുകയാണ് പോര്. ശാസ്ത്രീയ മാലിന്യ സംസ്കാരണം, ഒറ്റ തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ കർശനമായ നിരോധനം നടപ്പാക്കൽ, ബദൽ സംവിധാനം ഏർപ്പെടുത്തൽ, ടോയ്‌ലെറ്റ് സംവിധാനവും ദ്രവ മാലിന്യ സംസ്കാരണവും കുറ്റമറ്റതാക്കൽ, എം.സി.എഫ്., മിനി എം.സി.എഫുകൾ, ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ,സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ സംവിധാനങ്ങൾ ഉറപ്പുവരുത്തി കൊണ്ടാണ് ഇവിടം ഹരിത ടൂറിസ്റ്റ് കേന്ദ്രമാകുന്നത്. പ്രവർത്തനങ്ങളുടെ ഭാഗമായി മെഗാ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു. വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ, വനം വകുപ്പ്, വന സംരക്ഷണ സമിതി, രാജഗിരി വിശ്വജ്യോതി കോളേജ് എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിച്ച ഡ്രൈവ് വേങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശില്പ സുധീഷ് ഉദ്ഘാടനം ചെയ്തു. നവകേരളം കർമപദ്ധതി എറണാകുളം ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്. "ഹരിത ടൂറിസം സാധ്യതകൾ" എന്നതിൽ വിഷയാവതരണം നടത്തി.

# സുന്ദര പെരുനാടിനായി കൈകോർക്കാം ക്യാമ്പയിന്റെ പരിശീലനം ഉദ്ഘാടനം



സമ്പൂർണ്ണ ശുചിത്വത്തിന് പ്രാധാന്യം നൽകി പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന 'സുന്ദര പെരുനാടിനായി കൈകോർക്കാം' ക്യാമ്പയിന്റെ ജനകീയ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലന പരിപാടിയുടെ ഉദ്ഘാടനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. അനുകരണീയമായ നിരവധി മാതൃകാ പ്രവർത്തനങ്ങൾ മുന്നേ നടന്നിട്ടുള്ള റാന്നി പെരുനാട് പഞ്ചായത്തിന്റെ ഈ പ്രവർത്തനവും സംസ്ഥാനത്തിന് മാതൃകയായി മാറും എന്ന് സംസ്ഥാന കോർഡിനേറ്റർ അഭിപ്രായപ്പെട്ടു. 2024 സെപ്റ്റംബർ 2 ന് പെരിനാട് ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എസ്. മോഹനൻ അധ്യക്ഷനായി.

ശുചിത്വ കേരളം സുസ്ഥിരകേരളം എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 2024 ഒക്ടോബർ 2 മുതൽ 2024 മാർച്ച് 30 വരെ നടത്തുന്ന ജനകീയ ക്യാമ്പയിന്റെ മുന്നോടിയായിട്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. സമ്പൂർണ ശുചിത്വം ഉറപ്പാക്കുന്നതിനോടൊപ്പം പഞ്ചായത്തിനെ ശിശു വയോജന സ്ത്രീ ആരോഗ്യ സൗഹൃദ ഗ്രാമമാക്കുന്നതിന് കൂടി ലക്ഷ്യമിടുന്നു. അതോടൊപ്പം ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കുവിധം എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്കും കൂടി കൂട്ടുന്നതിനുള്ള ശ്രമത്തിലാണ് ഗ്രാമപഞ്ചായത്ത് എന്ന് പ്രസിഡന്റ് അറിയിച്ചു. ഈ സന്ദേശം ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും ഇതിന്റെ തുടർ പ്രവർത്തനങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കുന്നതിനുമായി അത്തം മുതൽ തിരുവോണം വരെയുള്ള 10 ദിവസങ്ങളിലായി പ്രതിദിനം 500 എന്ന നിലയിൽ 5000 ഗൃഹസദസ്സുകൾക്ക് ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചിരിക്കുകയാണ്. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും സെക്രട്ടറി സനൽകുമാർ പദ്ധതി അവതരണം നടത്തുകയും ചെയ്തു. ജില്ലാ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ അജിത്, ജനപ്രതിനിധികൾ തുടങ്ങിയവർ പ്രസംഗിച്ചു. അറുനൂറോളം റിസോഴ്സ് പേഴ്സൺമാർ പരിശീലനത്തിൽ പങ്കെടുത്തു.

# കാലാവസ്ഥാ സൗഹൃദ ജീവിതശൈലിയുമായി പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ കഴിയുന്നതും പരിസ്ഥിതിക്കനുയോജ്യമായ മാറ്റങ്ങൾ ദൈനംദിന ജീവിതത്തിൽ സ്വീകരിക്കുവാൻ പൊതുജനങ്ങളെ പ്രാപ്തരാക്കുന്ന ജനകീയ പരിപാടിയുമായി കണ്ണൂർ പെരളശ്ശേരി ഗ്രാമപഞ്ചായത്ത്. കാർബൺ പാദമുദ്ര കുറച്ചു കൊണ്ടുവരുവാനുള്ള ജീവിതശൈലികളെ കുറിച്ചുള്ള ക്ലാസ്സുകളാണ് ആദ്യഘട്ടത്തിൽ സംഘടിപ്പിക്കുന്നത്. ഇതിന് ആവശ്യമായ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം ഗ്രാമപഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. കാലാവസ്ഥാ സൗഹൃദ ജീവിതശൈലിയെ കുറിച്ച് ഹരിതകേരളം മിഷൻ സംസ്ഥാന അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ് ക്ലാസ് എടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി. ഷീബ അധ്യക്ഷത വഹിച്ചു. ഗാർഹിക ഊർജ്ജ ഉപഭോഗം കുറച്ചു കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചും ആഹാര രീതിയിൽ മാറ്റം വരുത്തിയും ഭക്ഷണം പാഴാക്കാതെയും ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കിയുമുള്ള പ്രവർത്തന പരിപാടികളാണ് സംഘടിപ്പിക്കുന്നത്. കൃഷി, ജലസംരക്ഷണം, ഊർജ്ജം, ഗതാഗതം, മാലിന്യ പരിപാലനം, നിർമ്മാണം, ഉപഭോഗം തുടങ്ങിയ മേഖലകളിലാണ് ജീവിത ശൈലിയിൽ മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നത്.

# മലപ്പുറം മൂർക്കനാട് പച്ചത്തുരുത്ത്

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ പൊതുശ്മാശാന വളപ്പിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൽ മുനീർ തൈ നട്ട് പച്ചത്തുരുത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഹരിതകേരളം മിഷൻ വഴി ലഭ്യമായ വിവിധ വൃക്ഷ തൈകളുടെ നടീലും പരിപാലനവുമാണ് തൊഴിലുറപ്പ് പദ്ധതി മുഖേന ഇവിടെ നടപ്പിലാക്കുന്നത്. ഒരു ഏക്കർ വരുന്ന ഈ പ്രദേശം മുഴുവൻ പച്ചത്തുരുത്തായി മാറ്റാനാണ് ലക്ഷ്യം. ആദ്യഘട്ടം എന്ന നിലയിൽ 70 തൈകളാണ് നട്ടത്. വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ലക്ഷ്മിദേവി അധ്യക്ഷത വഹിച്ച ചടങ്ങിൽ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സക്കീർ കളത്തിങ്ങൽ, വാർഡ് മെമ്പർ കുഞ്ഞി മുഹമ്മദ്, തൊഴിലുറപ്പ് ജീവനക്കാർ, തൊഴിലാളികൾ, പ്രദേശവാസികൾ എന്നിവർ പങ്കെടുത്തു.





## പുതുപ്പള്ളി പഞ്ചായത്ത് പച്ചത്തുരുത്ത് ഉദ്ഘാടനം



കോട്ടയം പുതുപ്പള്ളി IHRD കോളേജിൽ ഹരിത കേരളം മിഷന്റെയും കോളേജിന്റെയും നേതൃത്വത്തിൽ തയാറാക്കുന്ന പച്ചത്തുരുത്ത് കോളേജ് സീനിയർ അസിസ്റ്റന്റ് എൻ. ശ്രീഹരി വൃക്ഷ തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. ഇരുപത് സെന്റിലായി ഞാവൽ, ഇലഞ്ഞി, റംബൂട്ടാൻ, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങൾ ഉൾപ്പെടുത്തിയാണ് പച്ചത്തുരുത്ത് തയാറാക്കുന്നത്. കോളേജ് എൻ.എസ്.എസ്. യൂണിറ്റ്, വിദ്യാർത്ഥികൾ, അധ്യാപകർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഇത് പരിപാലിക്കും. പച്ചത്തുരുത്തിന് തുടക്കം കുറിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ബിനു സുഗതൻ, കോളേജ് അധ്യാപകർ, ഹരിതകേരളം റിസോഴ്സ് പേഴ്സൺ, വിദ്യാർത്ഥികൾ, കോളേജ് സ്റ്റാഫ് തുടങ്ങിയവർ പങ്കെടുത്തു.

## അയൽ ജില്ലയിൽ നിന്നും മാലിന്യം തള്ളി: 30,000 രൂപ പിഴ ഈടാക്കി

കണ്ണൂർ ജില്ലയെ മാലിന്യമുക്തമാക്കാൻ വിവിധ തലങ്ങളിൽ നടപടികൾ ശക്തമാക്കുന്നതിനിടെ അയൽ ജില്ലയിൽ നിന്ന് മാലിന്യം കൊണ്ടുവന്ന് വഴിയോരത്ത് തള്ളിയത് കയ്യോടെ പിടികൂടി പിഴ ചുമത്തി ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലെ സ്ക്രാപ് വ്യാപാരിക്കാണ് മുനിസിപ്പൽ ആക്ട് പ്രകാരം 30,000 രൂപ പിഴ ചുമത്തിയത്. കൂത്തുപറമ്പ് റോഡിൽ കിഴുത്തള്ളിയിലെ തോടിനോടു ചേർന്ന് ഇരുപതോളം ചാക്കുകളിലാണ് മാലിന്യം തള്ളിയിരുന്നത്. പരിശോധിച്ചപ്പോൾ അവ മുഴുവൻ കുന്നംകുളം, ഗുരുവായൂർ എന്നിവിടങ്ങളിൽ നിന്നു ശേഖരിച്ചതാണെന്നു തിരിച്ചറിഞ്ഞു. തുടർന്നുള്ള അന്വേഷണത്തിനൊടുവിലാണ് നടപടി സ്വീകരിച്ചത്.

## വള്ളിക്കോട് ഗ്രാമപഞ്ചായത്ത് – തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ

തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിന്റെ ഭാഗമായി പത്തനംതിട്ട വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ സംഘാടകസമിതി രൂപീകരണവും, തടം എടുക്കൽ പരിശീലനവും നടന്നു. ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിനെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തത്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആർ.മോഹനൻ നായർ യോഗത്തിൽ അധ്യക്ഷത വഹിച്ചു. പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് ഹരിതകേരളം മിഷൻ ആർ.പി. വിശദീകരിച്ചു. വാർഡ്തല പ്രവർത്തനങ്ങളുടെ ഏകോപനത്തിന് മേറ്റുമാരെ ചുമതലപ്പെടുത്തി.

## മാലിന്യത്തെ മലർവാടിയാക്കി മുടിയൂർക്കര



ഹരിതകേരളം മിഷന്റെയും കോട്ടയം നഗരസഭയുടെയും നേതൃത്വത്തിൽ കോട്ടയം നഗരസഭ ഒന്നാം വാർഡിൽ തയ്യാറാക്കിയ പച്ചത്തുരുത്ത് തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പുനർനിർമ്മിച്ച ഗാന്ധിനഗർ - മെഡിക്കൽ കോളേജ് റോഡിന്റെ വശങ്ങളിൽ മാലിന്യം നിക്ഷേപിച്ചിരുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടെ പച്ചത്തുരുത്തുകൾ ഒരുക്കി മലർവാടികളാക്കി മാറ്റുകയാണ് നഗരസഭ ഒന്നാം വാർഡ് ഗാന്ധിനഗർ നോർത്ത്. റോഡ് വികസനത്തിന് മുറിച്ചു മാറ്റിയ വലിയ മരങ്ങൾക്ക് പകരം അപകടരഹിതമായ റംബുട്ടാൻ, നെല്ലി, ഞാവൽ, ദന്തപാല മരങ്ങളുടെ തൈകളും ബന്തി, മന്ദാരം, വാടാമുല്ല തുടങ്ങിയ പൂച്ചെടികളും നട്ടുപിടിപ്പിച്ചാണ് വാർഡ് കൗൺസിലർ സാബു മാത്യൂവിന്റെ നേതൃത്വത്തിൽ പച്ചത്തുരുത്തിന് തുടക്കം കുറിച്ചത്. ഹരിതകേരളം മിഷൻ, മാലിന്യമുക്തം നവകേരളം പദ്ധതികളുടെ ഭാഗമായി വൃക്ഷത്തൈകളും, നഗരസഭയിൽ നിന്ന് അയ്യൻകാളി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനവും ലഭ്യമാക്കി. മുടിയൂർക്കര പുഞ്ചപ്പാടത്തുനിന്ന് വീശുന്ന കാറ്റേറ്റിരിക്കാൻ നഗരസഭാംഗം സാബു മാത്യൂ ജനകീയ സഹകരണത്തോടെ ചാരുബഞ്ചുകളും ക്രമീകരിച്ചു.

## പോരൂർ ഗ്രാമപഞ്ചായത്തിൽ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിൻ

മലപ്പുറം പോരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുഹമ്മദ് ബഷീർ പരിപാടി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ സുലൈഖ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ വണ്ടൂർ ബ്ലോക്ക് ആർ.പി KVM ബഷീർ ക്യാമ്പയിൻ ലക്ഷ്യങ്ങൾ വിശദീകരിച്ചു.VEO, നിർവഹണ ഉദ്യോഗസ്ഥർ, കർഷകർ, സാമൂഹ്യ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.



# കണ്ണൂർ സമ്പൂർണ ശുചിത്വ ജില്ലയെന്ന ലക്ഷ്യത്തിലേക്ക്

കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ശുചിത്വ ജില്ലയായി 2025 മാർച്ച് 30 നകം പ്രഖ്യാപിക്കാനുള്ള തീവ്രയജ്ഞ കർമപരിപാടി ഒക്ടോബർ രണ്ടിന് ആരംഭിക്കും. ഇതിനായി വിപുലമായ കർമപരിപാടിക്ക് ജില്ലാതല നിർവ്വഹണ സമിതി രൂപീകരണ യോഗത്തിൽ രൂപം നല്കി.

വാർഡ്/ഡിവിഷൻ തലങ്ങളിൽ വരെ നിർവ്വഹണ സമിതികൾ രൂപീകരിക്കും. ജില്ലാ, ബ്ലോക്ക് നഗര ഗ്രാമ , വാർഡ്/ഡിവിഷൻ തലം വരെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉദ്ഘാടനം ചെയ്തുകൊണ്ടാവും ക്യാമ്പയിന് തുടക്കമിടുക. ഓരോ പ്രദേശത്തും ജൈവ അജൈവ, ദ്രവ മാലിന്യങ്ങളും പ്രത്യേക മാലിന്യങ്ങളും സംസ്കരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളോ പ്രവർത്തനങ്ങളോ ആണ് ഉദ്ഘാടനം ചെയ്യുക. സർക്കാർ കാര്യാലയങ്ങൾ, വിദ്യാലയങ്ങൾ, കോളേജുകൾ, സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, മാർക്കറ്റുകൾ ആരാധനാലയങ്ങൾ ആശുപത്രികൾ, തുടങ്ങിയവയെ ഹരിത സ്ഥാപനങ്ങളായി മാറ്റി എടുക്കൽ, കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഹരിത അയൽകൂട്ടങ്ങളായി ഉയർത്തിക്കൊണ്ടുവരൽ, ജില്ലയിലെ എല്ലാ പട്ടണങ്ങളെയും ശുചിത്വവും സുന്ദരവുമായ പട്ടണങ്ങളായി മാറ്റി എടുക്കൽ, എല്ലാ ചടങ്ങുകളും ആഘോഷങ്ങളും സമ്മേളനങ്ങളും ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിച്ച് സംഘടിപ്പിക്കൽ, തോടുകൾ, പുഴകൾ, മറ്റ് ജലാശയങ്ങൾ എന്നിവയുടെ ശുചിത്വം ഉറപ്പ് വരുത്താനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തൽ, ദ്രവമാലിന്യ സംസ്കരണവും അതിന്റെ അനുബന്ധ പ്രവർത്തനങ്ങളും ഏർപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളാണ് കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## ദേവഹരിതം പദ്ധതി പുന്നയൂർ പഞ്ചവടി മഹാക്ഷേത്രത്തിൽ



ക്ഷേത്രങ്ങളിലെ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയെ ഹരിതാഭമാക്കുന്ന ദേവഹരിതം പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചത്തുരുത്ത്, എള്ള് കൃഷി എന്നിവ നടപ്പാക്കുകയാണ് തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിലുള്ള പഞ്ചവടി മഹാക്ഷേത്രത്തിൽ. 4 ഏക്കറോളം വരുന്ന സ്ഥലത്ത് ഔഷധസസ്യ ബോർഡിൽ നിന്നും HDFC ബാങ്ക് വഴിയും ലഭ്യമാക്കിയ തൈകൾ നട്ടുകൊണ്ടും എള്ള് വിത്ത് വിതച്ചുകൊണ്ടും പദ്ധതിക്ക് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ ചടങ്ങിൽ ഗുരുവായൂർ എം.എൽ.എ., എൻ.കെ. അക്ബർ പദ്ധതി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർമാർ, ക്ഷേത്രം ഭാരവാഹികൾ, കുടുംബശ്രീ അംഗങ്ങൾ, പ്രദേശവാസികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ഗ്രാമസഭകൾ

കോഴിക്കോട് മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന്റെ തുടർച്ചയായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും അജണ്ട വെച്ച് നെറ്റ് സീറോ കാർബൺ പദ്ധതി വിശദീകരിച്ചു. ഹരിതകേരളം മിഷൻ ടെക്നിക്കൽ അസിസ്റ്റന്റ്, ആർ.പി.മാർ എന്നിവർ സംസാരിച്ചു. 17 വാർഡുകളിലും അതത് വാർഡ് മെമ്പർമാരുടെ അധ്യക്ഷതയിൽ നടന്ന ഗ്രാമസഭയിൽ രണ്ടായിരത്തിലധികം വരുന്ന ജനങ്ങളിലേക്ക് കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കാൻ കാർബൺ സംഭരണികൾ സൃഷ്ടിക്കേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും ആവശ്യകത വിശദമാക്കി. ഗ്രാമസഭയുടെ ഭാഗമായി നാടെങ്ങും പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കാനും തീരുമാനമായി. 2050 ഓടുകൂടി കേരളം നെറ്റ് സീറോ കാർബൺ അവസ്ഥ കൈവരിക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും രൂപീകരിച്ചിട്ടുണ്ട്. കാർഷിക, ജല സംരക്ഷണ, മാലിന്യ പരിപാലന മേഖല കൂടാതെ ഊർജ്ജം, വൈദ്യുതി എന്നീ മേഖലകളെയും ഉൾക്കൊള്ളിച്ചുള്ളതാണ് ക്യാമ്പയിൻ പ്രവർത്തനം.

## ഞാറയ്ക്കൽ സെന്റ് മേരീസ് എൽ.പി. സ്കൂളിൽ പച്ചക്കറി കൃഷി



കോട്ടയം ജില്ലയിൽ വിജയപുരം ഞാറയ്ക്കൽ സെന്റ് മേരീസ് എൽ.പി സ്കൂളിലെ ഹരിത വിദ്യാലയ പ്രവർത്തനത്തിന്റെ ഭാഗമായി പച്ചക്കറി കൃഷി ആരംഭിച്ചു. വെണ്ട, തക്കാളി, വഴുതന, മുളക് തുടങ്ങിയ തൈകളും, പയർ വർഗങ്ങളുമാണ് നട്ടത്. കൃഷി ഭവന്റെ സഹകരണത്തോടെ ഹരിത സമൃദ്ധി വാർഡിന്റെ ഭാഗം കൂടിയായിട്ടാണ് തൈകൾ ലഭ്യമാക്കിയത്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് രജനി സന്തോഷ്, ഹെഡ്മിസ്ട്രെസ് ജെസ്സി, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർ ചേർന്നാണ് തൈകൾ നട്ടത്. സ്കൂൾ അധ്യാപകർ, ഹരിതകേരളം റിസോഴ്സ് പേഴ്സൺ, വിദ്യാർത്ഥികൾ, തൊഴിലുറപ്പ് പ്രവർത്തകർ തുടങ്ങിയവർ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

# ഹരിതക്ലബ് രൂപീകരിച്ചു



ആലപ്പുഴ മുട്ടാർ ഗ്രാമപഞ്ചായത്തിലെ സെന്റ്.ജോർജ് ഹയർസെക്കൻഡറി സ്കൂളിൽ ഹരിത ക്ലബ്ബ് രൂപീകരിച്ചു. ഫാദർ സിറിൽ ചേപ്പിലയുടെ അധ്യക്ഷതയിൽ കൂടിയ അസംബ്ലിയിലാണ് ഹരിത ക്ലബ്ബ് രൂപീകരണ പ്രഖ്യാപനം നടന്നത്. 8 ,9 ,+1 ക്ലാസ്സിലെ 15 വിദ്യാർഥികൾ അടങ്ങുന്നതാണ് ക്ലബ്. ഷീബ ടീച്ചറിനാണ് ക്ലബ്ബിന്റെ ചുമതല നൽകിയിരിക്കുന്നത്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് ഒക്ടോബർ 2 ന് ഹരിതവിദ്യാലയമായി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ നടന്നു വരുന്നത്. പ്രധാന അധ്യാപകൻ, മറ്റ് അധ്യാപകർ, ഓഫീസ് സ്റ്റാഫ്, വിദ്യാർത്ഥികൾ ഉൾപ്പടെ 230 പേർ ചടങ്ങിൽ പങ്കെടുത്തു.

# ചിറ്റാരിപ്പറമ്പിൽ മില്ലറ്റ്ഗ്രാമം പദ്ധതിക്ക് തുടക്കം



കണ്ണൂർ ജില്ലയിലെ ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിൽ മില്ലറ്റ് ഗ്രാമം പദ്ധതി ആരംഭിച്ചു. പഞ്ചായത്തിലെ കണ്ണവം യു.ടി.സി. നഗറിലെ നാലേക്കർ സ്ഥലത്ത് പഞ്ചായത്ത്, ഹരിതകേരളം മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി. ദിവ്യ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ പദ്ധതി വിശദീകരണം നടത്തി. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ യു.പി. ശോഭ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിജ രാജീവൻ, പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സി. ചന്ദ്രൻ, മെമ്പർ ലീന എ., തൊഴിലുറപ്പ് അസി. എൻജിനിയർ ഫാത്തിമത്ത് ഷെറീഫ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ബാലൻ വയലേരി, സുധാകരൻ എന്നിവർ സംസാരിച്ചു.

## "തെങ്ങിന് തടം മണ്ണിന് ജലം" പദ്ധതിക്ക് തൃശ്ശൂർ ജില്ലയിൽ തുടക്കമായി

"തെങ്ങിന് തടം മണ്ണിനു ജലം" ജില്ലാതല ഉദ്ഘാടനം തൃശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പഞ്ചവടി ക്ഷേത്രത്തിനോട് അനുബന്ധിച്ച 4 ഏക്കറോളം വരുന്ന സ്ഥലത്ത് നടന്നു. ഗുരുവായൂർ എംഎൽഎ എൻ.കെ. അക്ബർ പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ടി. വി. സുരേന്ദ്രൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് സുഹറ ബക്കർ സ്വാഗതം പറഞ്ഞു.

## GLPS അന്നശ്ശേരിയിൽ പച്ചത്തുരുത്ത്

അന്നശേരി ഗവ. എൽ.പി.എസിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കമായി. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ സോയിൽ കൺസർവേഷൻ വഴി ലഭിച്ച ഫലവൃക്ഷ തൈകളാണ് തലക്കുളത്തൂർ ഗ്രാമപഞ്ചായത്തും ഹരിതകേരളം മിഷനും സംയുക്തമായി ഒരുക്കിയ പച്ചത്തുരുത്തിൽ നട്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ടി. പ്രമീള തൈകൾ നട്ട് പച്ചതുരുത്തിന് തുടക്കം കുറിച്ചു. തൈകൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നട്ടത്.



## ഓർമ മരത്തണലിന് പിറന്നാൾ ; പച്ചവിരിച്ചത് 467 മരങ്ങൾ



പിറന്നാളിനും വിവാഹ വാർഷികത്തിലും കലാലയ സംഗമങ്ങളിലും സ്നേഹത്തണൽ വിരിച്ച് കണ്ണൂരിലെ ഓർമ മരം ക്യാമ്പയിന് ഒന്നാം പിറന്നാൾ. പദ്ധതി പ്രകാരം ജില്ലയിൽ ഇതുവരെ നട്ടത് 467 വൃക്ഷത്തൈകൾ. മരങ്ങൾ നട്ടുവളർത്താൻ താൽപര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനായി ഹരിതകേരളം മിഷൻ നേതൃത്വത്തിലാണ് കഴിഞ്ഞ വർഷം ആഗസ്റ്റ് 19ന് ജില്ലയിൽ പദ്ധതിക്ക് തുടക്കമിട്ടത്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ജന്മദിനം, മൺമറഞ്ഞ വ്യക്തികളുടെ ഓർമ ദിനം എന്നിങ്ങനെ എന്തെങ്കിലും പ്രത്യേകതകളുള്ള ദിനങ്ങളിൽ പൊതുസ്ഥലങ്ങളിലോ, സ്വകാര്യ സ്ഥലത്തോ, സ്ഥാപനങ്ങളുടെ സ്ഥലത്തോ, സംഘടനകളുടെ സ്ഥലത്തോ, ഏതെങ്കിലും താൽപര്യമുള്ളവരുടെ സ്ഥലത്തോ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാം. പിറന്നാൾ മരങ്ങളാണ് കൂടുതലായി പച്ചപിടിച്ചത്. വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ട് വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഒരു വർഷത്തിനകം 364 ഓർമ മരങ്ങൾ നട്ടുപിടിപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 2023 ജൂണിൽ തന്നെ ലക്ഷ്യം പൂർത്തിയായി. ഒരു വർഷം പൂർത്തിയാകുമ്പോൾ ലക്ഷ്യത്തേക്കാൾ 103 മരങ്ങൾ അധികം നട്ടു. കൂടുതൽ ആളുകളുടെ പങ്കാളിത്തമുള്ള പരിപാടികളിലൂടെ ഒട്ടേറെ മരങ്ങൾ മണ്ണിലിറങ്ങി.

# ഒരുമിക്കാം വൃത്തിയാക്കാം തീവ്ര ശുചീകരണ യജ്ഞത്തിന് ഇടുക്കിയിൽ തുടക്കമായി




ഇടുക്കി ജില്ലയിൽ ഒരുമിക്കാം വൃത്തിയാക്കാം തീവ്ര ശുചീകരണ യജ്ഞത്തിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി പുളിയന്മല - തൊടുപുഴ സംസ്ഥാന പാതയുടെ മൂലമറ്റം മുതൽ ചെറുതോണി വരെയുള്ള ഭാഗമാണ് വൃത്തിയാക്കുന്നത്. ചെറുതോണി മുതൽ പാറമട വരെ ഒരു ടീമും, മൂലമറ്റം മുതൽ പാറമട വരെ മറ്റൊരു ടീമുമാണ് ശുചീകരണത്തിൽ പങ്കാളികളായത്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന പ്രതിജ്ഞ ചൊല്ലിയതിന് ശേഷമാണ് പല ഗ്രൂപ്പുകളായി തിരിഞ്ഞ് ശുചീകരണം നടത്തിയത്. അറക്കുളം, വാഴത്തോപ്പ് പഞ്ചായത്തുകളും, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, വനം വകുപ്പ് എന്നിവരും കൈകോർത്താണ് ശുചീകരണ യജ്ഞം നടത്തിയത്. പൈനാവ് ഐ.എച്ച്.ആർ.ഡി. പോളിടെക്നിക്കിലെ എൻ.എസ്.എസ്. വിദ്യാർഥികളും, ഹരിത കർമസേനാംഗങ്ങളും ശുചീകരണത്തിൽ അണിചേർന്നു. കളക്ടറേറ്റ് ബസ് സ്റ്റോപ്പിന് മുൻഭാഗത്ത് നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ബിനു യജ്ഞം ഉദ്ഘാടനം ചെയ്തു. വാഴത്തോപ്പ് പഞ്ചായത്ത് പ്രസിഡന്റ് ജോർജ് പോൾ അധ്യക്ഷനായി. ഇടുക്കി സബ്കളക്ടർ ഡോ. അരുൺ എസ്. നായർ മുഖ്യാതിഥിയായി. അറക്കുളം പഞ്ചായത്ത് ആക്ടിങ് പ്രസിഡന്റ് സുബി ജോമോൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ അജയ് പി. കൃഷ്ണൻ, ശുചിത്വ മിഷൻ ഇടുക്കി കോർഡിനേറ്റർ എസ്.എം.ഭാഗ്യരാജ് എന്നിവർ പ്രസംഗിച്ചു.

# കിളിമാനൂർ ബ്ലോക്കിലെ 101 -ാമത് പച്ചത്തുരുത്ത് ശ്രീശങ്കര ട്രസ്റ്റ് ഭൂമിയിൽ



തിരുവനന്തപുരം കിളിമാനൂർ ബ്ലോക്കിലെ 101 -മത് പച്ചത്തുരുത്ത് നഗരൂർ പഞ്ചായത്തിലെ ശ്രീശങ്കര ട്രസ്റ്റിന്റെ ഭൂമിയിൽ ഒരുങ്ങുന്നു. ബ്ലോക്ക് പഞ്ചായത്തും ഹരിതകേരളം മിഷനും ചേർന്നൊരുക്കുന്ന 'ശിബിരം' എന്ന പച്ചത്തുരുത്തിന്റെ നിർമ്മാണോദ്ഘാടനം നവകേരളം കർമപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.പി. മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ തദ്ദേശ സ്ഥാപനതല ജനപ്രതിനിധികൾ, ശ്രീശങ്കര ട്രസ്റ്റ് അധികൃതർ, ശ്രീശങ്കര കോളേജിലെയും ശ്രീശങ്കര വിദ്യാപീഠത്തിലെയും പ്രിൻസിപ്പൽമാർ, അധ്യാപകർ, വിദ്യാർത്ഥികൾ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. പാലോട് ബൊട്ടാണിക്കൽ ഗാർഡനിൽ നിന്നും ഹരിതകേരളം മിഷൻ ശേഖരിച്ച വംശനാശഭീഷണി നേരിടുന്ന ഇനത്തിൽപ്പെട്ട 500 തൈകളും തദ്ദേശീയമായി ലഭ്യമാക്കിയ 500 തൈകളും തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ രണ്ട് ഏക്കർ സ്ഥലത്ത് വച്ചുപിടിപ്പിച്ചാണ് ശിബിരം പച്ചത്തുരുത്ത് യാഥാർത്ഥ്യമാക്കുന്നത്.

# ചിറ്റാറ്റുകരയിലെ 3 വാർഡുകളിൽ ഹരിത സമൃദ്ധി പ്രഖ്യാപനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ 7,12,14 വാർഡുകൾ പഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ കൃഷി ഓഫീസർ ജയ മരിയയ്ക്കു പച്ചക്കറി തൈ നൽകി ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ ജെഫിൻ പദ്ധതി വിശദീകരണം നടത്തി. നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള നാണ്യപെരുമ പദ്ധതിയിലൂടെ 4000 കശുമാവ് തൈകൾ കൂടെ വിതരണം നടത്തിയിരുന്നു. വിഷരഹിത പച്ചക്കറി സ്വന്തം കൃഷിയിടത്തിൽ ഉത്പാദിപ്പിക്കുക വഴി ആരോഗ്യം സംരക്ഷിക്കുക, വാർഡിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാ ഹിപ്പിക്കുന്നതിലൂടെ ആവശ്യമായ പച്ചക്കറികളിൽ നല്ലൊരു ഭാഗം സ്വന്തം കൃഷിയിടത്തിൽ ഉത്പാദിപ്പിക്കുന്ന സംസ്കാരം വളർത്തുക എന്നിവയാണ് ലക്ഷ്യം. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. അരുഷ്, വാർഡ് മെമ്പർമാർ, കർഷകർ, കൃഷി അസിസ്റ്റന്റ് എന്നിവർ പങ്കെടുത്തു.



# കുമ്പളം ഗ്രാമപഞ്ചായത്തിൽ പച്ചത്തുരുത്ത്



എറണാകുളം കുമ്പളം ഗ്രാമപഞ്ചായത്തിൽ പച്ചത്തു രുത്ത് ഒരുക്കുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 90-ാം വാർഷികത്തോടനുബന്ധിച്ച് ഹരിതകേരളം മിഷനുമായി സഹകരിച്ച് ഉദയത്തും വാതിൽ എൽ.പി. സ്കൂളിലാണ് പച്ചത്തുരുത്ത്. കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ RBI ജനറൽ മാനേജർ ടി.വി. റാവു തൈ നട്ട് പച്ചത്തുരുത്തിന് തുടക്കം കുറിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജനി, RBI ഡെപ്യൂട്ടി മാനേജർ രവി ശങ്കർ, കുമ്പളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവർ സംസാരിച്ചു. 7 സെന്റ് സ്ഥലത്ത് ഫലവൃക്ഷങ്ങൾ മാത്രം ഉൾപ്പെടുത്തുന്ന പച്ചത്തുരുത്താണ് ഒരുങ്ങുന്നത്. പദ്ധതിയുടെ ഭാഗമായി 110 ഫലവൃക്ഷ തൈകൾ സ്കൂൾ പരിസരത്ത് നടും.

# തെങ്ങിന് തടം മണ്ണിന് ജലം അരീക്കോട് ബ്ലോക്ക് തല ക്യാമ്പയിൻ ആരംഭിച്ചു

തെങ്ങിന് തടം മണ്ണിന് ജലം മലപ്പുറം അരീക്കോട് ബ്ലോക്ക് തല ക്യാമ്പയിൻ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. ജിഷ വാസു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷിജോ ആന്റണി അധ്യക്ഷനായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ടി.വി.എസ്. ജിതിൻ പദ്ധതി വിശദീകരണം നടത്തി.



## മഹാരാജാസ് കോളേജിൽ വോളണ്ടറി സെയിൽസ് കൗണ്ടർ

എറണാകുളം മഹാരാജാസ് കോളേജിൽ ഹരിതകേരളം മിഷനും നേച്ചർ ക്ലബുമായി സഹകരിച്ചു നടപ്പിലാക്കിയ വോളന്ററി സെയിൽസ് കൗണ്ടർ പ്രവർത്തനമാരംഭിച്ചു. പ്രിൻസിപ്പൽ ഇൻ ചാർജ് ജോളി വി. ആന്റണി ഉദ്ഘാടനം നിർവഹിച്ചു. ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികൾക്ക് അവർ നിർമ്മിക്കുന്ന ഏതൊരു വസ്തുവും കൗണ്ടർ വഴി വിൽക്കുവാൻ സാധിക്കും. ഇതിലൂടെ വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ പ്രോത്സാഹനം നൽകി വരുമാനം കണ്ടെത്താനാണ് ലക്ഷ്യം. മിഷൻ നൽകിയ 100 പച്ചക്കറി തൈകൾ സെയിൽസ് കൗണ്ടർ വഴി വിതരണം നടത്തി.

## മാനന്തേരിയിൽ 'ദേവഹരിതം' പച്ചത്തുരുത്ത്

കണ്ണൂർ കൂത്തുപറമ്പ് മാനന്തേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്ര പരിസരത്ത് ഹരിതകേരളം മിഷൻ, ക്ഷേത്രകമ്മിറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ദേവഹരിതം' പച്ചത്തുരുത്ത് നിർമിച്ചു. ഒരേക്കർ സ്ഥലത്ത് അരയാൽ, ഇലഞ്ഞി, കാഞ്ഞിരം, ഈന്ത്, മാവ് തുടങ്ങിയവയുടെ തൈകളാണ് നട്ടത്. ഫാ. ജേക്കബ് കേളകം വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. എൻ. ലക്ഷ്മണൻ, എം. അശോകൻ, ബാലൻ വയലേരി, സി.പി. ശശീന്ദ്രൻ, വി.വി. സജീവൻ, കെ.സി. അജിത്ത് കുമാർ എന്നിവർ സംസാരിച്ചു.

# കൊറ്റംകാവ് ക്ഷേത്രത്തിൽ ദേവഹരിതം പദ്ധതി

കൊച്ചി നഗരസഭ ഡിവിഷൻ 46 ചക്കരപ്പറമ്പ് കൊറ്റംകാവ് ഭഗവതി ക്ഷേത്രത്തിൽ ദേവഹരിതം പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി കൊറ്റംകാവ് ഭഗവതി ക്ഷേത്രത്തിൽ പൂജയ്ക്ക് ആവശ്യമായി വരുന്ന നാരകം, വെറ്റില, തെറ്റിപൂവ് എന്നിവ ക്ഷേത്രാങ്കണത്തിൽ ലഭ്യമായ സ്ഥലത്ത് നട്ടുപിടിപ്പിച്ചു, കൂടാതെ ചന്ദനം, രുദ്രാക്ഷം എന്നിവയും നട്ടു. കൊച്ചി നഗരസഭ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.ആർ. റെനിഷ് രുദ്രാക്ഷമരം നട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. ഡിവിഷൻ കൗൺസിലർ കെ.ബി. ഹർഷലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി പദ്ധതി വിശദീകരണം നടത്തി.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246